പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5814 — 03.11.2016-ൽ മറുപടിക്ക്.

**തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ | (എ) സംസ്ഥാനത്ത് നിലവിൽ 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. |

| | |
|---|---|
| (ബി) നഴ്സിംഗ് മേഖല. സ്വകാര്യ സ്കൂൾ മേഖല, ഐ.ടി മേഖല തുടങ്ങിയ സംസ്ഥാനത്തെ പ്രധാന തൊഴിൽ മേഖലകളിൽ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചതും പ്രഖ്യാപിച്ചതുമായ വേതനം ലഭിക്കാത്തതും തൊഴിൽ ചെയ്യുന്നതിന് സമയക്ലിപ്തതയോ തൊഴിലുറപ്പോ ലഭ്യമാകാത്തതുമായ സ്ഥിതിവിശേഷം മുൻസർക്കാർ കാലയളവിൽ നിലനിന്ന വന്നിരുന്നത് ഇപ്പോഴും തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. വിവിധ സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വിവിധ തൊഴിൽ നിയമപ്രകാരമുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന് പരാതികൾ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ കാര്യാലയങ്ങളിലും തൊഴിൽ വകുപ്പ് കോൾസെന്ററിലും ലഭിക്കുണ്ട് അത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പരിശോധനാ വേളയിൽ തൊഴിലാളികളുടെ തൊഴിലും സുരക്ഷയും ഉറപ്പു വരുത്തി ജീവന ക്കാർക്ക് ലഭ്യമാകേണ്ട കുറഞ്ഞ കൂലി, അർഹമായ ജോലി സമയം, അധിക സമയ ജോലികൾക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയങ്ങളിൽ ഇരിക്കാനുള്ള സൗകര്യം ആഴ്ച അവധി, ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേ ആനുകൂല്യങ്ങളും ക്രഷ്, ടോയ്ലെറ്റ്, ഹോസ്റ്റൽ സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ് എന്നിവയും തൊഴിലാളികൾക്ക് ലഭ്യമാകുന്നു ണ്ടോയെന്നും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കാറു ണ്ട് സ്വകാര്യമേഖലയിലെ തൊഴിൽപര മായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നു ണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരി ശോധനകൾ നടത്തുമ്പോഴും മറ്റ് വകു പ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധ യിൽപ്പെടുന്ന നിയമലംഘനങ്ങൾക്ക് എ തിരെ സ്ഥാപന മാനേജ്മെന്റുകൾക്കെ തിരെ പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നിയമനടപ ടികൾ സ്വീകരിക്കാറുണ്ട് |

(സി) പല സ്വകാര്യമേഖലകളിലും സർക്കാർ പ്രഖ്യാപിച്ച വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും എന്നാൽ സ്ഥാപനം നിർദ്ദേശിക്കുന്ന തുക തൊഴിലാളികൾ ഒരാഴ്ചക്കുള്ളിൽ റൊക്കം പണമായി തൊഴിൽ നിർവ്വഹിക്കുന്ന സ്ഥാപനത്തിന് തിരിച്ച് നൽകേണ്ടി വരുന്നതുമായ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തൊഴിലാളികൾക്ക് യഥാർത്ഥ വേതനം ലഭിക്കുന്നതിനായി സർക്കാർ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ടി വിഷയം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ